## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.352** **15.03.2017-ൽ മറുപടിക്ക്**

### ചരക്ക് സേവന നികുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. സി.കെ. ആശ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. ഇ കെ.വിജയൻ<br>ശ്രീ.ജി.എസ്. ജയലാൽ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ ഇല്ലാതാകുമോ; വിശദമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ ഇന്നത്തെ നിലയിൽ തുടരുകയില്ല. അകത്തേക്കും പുറത്തേക്കുമുള്ള ചരക്ക് നീക്കത്തിന്റെ വിശദാംശങ്ങൾ വാഹനങ്ങൾ പുറപ്പെടുന്നതിന് മുമ്പ് തന്നെ ഓൺലൈനായി upload ചെയ്യേണ്ടതാണ്. ചെക്ക് പോസ്റ്റിൽ വാഹനങ്ങൾ നിർത്തിയിട്ട് പരിശോധിക്കുന്ന ഇന്നത്തെ രീതി ജി.എസ്.ടി. യിൽ ഉണ്ടായിരിക്കുന്നതല്ല. |
| (ബി) | വ്യാപാരികളുടെ വിവരങ്ങൾ ദേശീയ നെറ്റ് വർക്കായ ജി.എസ്.ടി.എൻ.-ൽ ലഭ്യമാക്കുന്നതിനാൽ കടകളിൽ നടത്തുന്ന പരിശോധന ഒഴിവാക്കാൻ സാധിക്കുമോ; | (ബി) | ചരക്കിൻമേലോ സേവനത്തിൻമേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ, കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ മാത്രമാ ജി.എസ്. ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സംവിധാനത്തിൽ നികുതി വെട്ടിപ്പ് ഉണ്ടാകുന്നതിനുള്ള സാധ്യതകൾ ഉണ്ടോ; വിശദമാക്കുമോ? | (സി) | ജി. എസ്. ടി.യിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത സമ്പ്രദായമാണ് വിഭാവനം ചെയ്യുന്നത്. ഇത് അന്തിമ രൂപത്തിലായാൽ മാത്രമേ ഏതൊക്കെ വിധത്തിൽ നികുതി വെട്ടിപ്പുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് അറിയാൻ കഴിയൂ. സേവനമേഖലയുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്താൽ ഇപ്പോഴും കണ്ടുവരുന്ന under valuation, over invoicing മുതലായ നികുതി വെട്ടിപ്പ് രീതികൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ